ctabudarr@gmail.com



അബൂദർറ് എടയൂർ

# സമ്പത്ത് അനുഗ്രഹവും ശാപവും

عَنْ كَعْبِ بْنِ مَالِكِ الأنصاريّ رَضِيَ اللَّهُ عنه قَالَ: قَالَ رَسُولُ اللَّهِ ﷺ: مَاذِئْبَانِ جَائِعَانِ أُرْسِلا فِي غَنَمٍ بأفسدَ لَهَا مِنْ حِرْصِ الْمَرْءِ عَلَى الْمَالِ وَالشَّرَفِ لِدِينِهِ

**കഅ്ബുബ്നു മാലികി(റ)ൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: "നബി(സ) അരുളി: വിശന്ന രണ്ട് ചെന്നായ്ക്കളെ ആട്ടിൻകൂട്ടത്തിലേക്ക് വിട്ടാൽ അവ ആടുകളെ നശിപ്പിക്കുന്നതിനേക്കാൾ കൂടുതലായി പണത്തോടും സ്ഥാനത്തോടുമുള്ള മോഹം മനുഷ്യന്റെ ദീനിനെ നശിപ്പിക്കുന്നതാണ്" (തിർമിദി, അഹ്മദ്).**

മനുഷ്യന്റെ ഐഹിക ആവശ്യ നിർവഹണത്തിനുള്ള അടിസ്ഥാനോപാധികളിൽ ഒന്നാണ് സമ്പത്ത്. അവന്റെ നയനിലപാടുകളെ വരെ സ്വാധീനിക്കാൻ ശേഷിയുള്ള ഘടകമെന്ന നിലക്ക് അതൊരു പരീക്ഷണം കൂടിയാണ്. സമ്പത്തുമായി ബന്ധപ്പെട്ട അനേകം വിഷയങ്ങൾ ഖുർആൻ പ്രതിപാദിക്കുന്നത് കാണാം. സമ്പത്തിന്റെ ചതിക്കുഴിയിൽ അകപ്പെടാതിരിക്കാനുള്ള മുറിയിപ്പുകളും കൂട്ടത്തിലുണ്ട്. ഖാറൂൻ മുതലാളിയുടെയും തോട്ടക്കാരുടെയും അബൂലഹ്ബിന്റെയും കഥകളിലൂടെ ഖുർആൻ (സൂറഃ *അൽ ഖസ്വസ്, അൽ കഹ്ഫ്, അൽഖലം, അല്ലഹബ്*) അക്കാര്യം ഊന്നിപ്പറയുന്നു. മരണം വരെ തുടരുന്ന മനുഷ്യന്റെ ആർത്തിയെയും, സമ്പത്ത് തന്നെ രക്ഷിക്കുമെന്ന വികല ധാരണയെയും ഖുർആൻ വിമർശിക്കുന്നു. അധ്വാനിച്ച് സമ്പാദിക്കാൻ പ്രേരിപ്പിക്കുന്നതിനോടൊപ്പം സമ്പത്ത് ശാശ്വത വിജയത്തിന് തടസ്സമാവാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നു കൂടി പ്രവാചകൻ നിരന്തരമായി സമൂഹത്തെ ഉണർത്തിയിട്ടുണ്ട്. അവയിലൊന്നാണ് ഉപരിസൂചിത വചനം.

ഭൗതികാസക്തി മാനുഷിക ബന്ധങ്ങളെ തകർത്തെറിയുകയും ഉത്തരവാദിത്ത ബോധത്തെ മരവിപ്പിക്കുകയും ദൈവസ്മരണ ഇല്ലാതാക്കുകയും ചെയ്യും. നബി(സ) പറഞ്ഞു: "അല്ലാഹുവാണ, നിങ്ങളുടെ കാര്യത്തിൽ ദാരിദ്ര്യമല്ല ഞാൻ ഭയപ്പെടുന്നത്. മറിച്ച്, മുൻകാല ജനതകൾക്ക് ലഭിച്ചതുപോലുള്ള സമ്പദ്സമൃദ്ധി നിങ്ങൾക്കുണ്ടാവുകയും അവരെപ്പോലെ നിങ്ങളും ആർത്തി കാണിക്കുകയും അവരെ അത് നശിപ്പിച്ചതുപോലെ നിങ്ങളെയും നശിപ്പിക്കുകയും ചെയ്യുമെന്നതാണ് എന്റെ ഭയം" (ബുഖാരി, മുസ്ലിം).

"ഓരോ ജനതക്കും പരീക്ഷണമുണ്ട്. എന്റെ ജനതയുടെ പരീക്ഷണം സമ്പത്താണ്" (തിർമിദി) എന്നും "മനുഷ്യൻ വാർധക്യം പ്രാപിച്ചാലും യൗവനാവസ്ഥയിൽ നിലനിൽക്കുന്ന കാര്യങ്ങളാണ് പണത്തോടും ദീർഘായുസ്സിനോടുമുള്ള അവന്റെ കൊതിയും നീണ്ട വ്യാമോഹങ്ങളും" (ബുഖാരി, മുസ്ലിം) എന്നും പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നു.

മനുഷ്യൻ എത്ര സമ്പാദിച്ചാലും യഥാർഥത്തിൽ അവന് പ്രയോജനപ്പെടുന്ന കാര്യങ്ങളെ സംബന്ധിച്ച് നബി(സ) പറഞ്ഞുതന്നിട്ടുണ്ട്: "എന്റെ പണം! എന്റെ പണം!! എന്ന് മനുഷ്യൻ പറയുന്നു. എന്നാൽ അവന്റെ സമ്പത്തിൽ മൂന്നെണ്ണമേ അവനുള്ളൂ. ഒന്ന്, അവൻ ഭക്ഷിച്ചു തീർത്തത്. രണ്ട്, ധരിച്ച് പാഴാക്കിയത്. മൂന്ന്, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും പരലോകത്തേക്കുള്ള നിക്ഷേപമാക്കുകയും ചെയ്തത്. അവശേഷിക്കുന്നതെല്ലാം മറ്റുള്ളവർ(അനന്തരാവകാശികൾ)ക്കായി വിട്ടുകൊടുത്തുകൊണ്ട് വിടപറയുന്നവനാണവൻ" (മുസ്ലിം).

ഇഹത്തിലോ പരത്തിലോ പ്രയോജനപ്പെടാത്ത വിധം സമ്പത്ത് കുമ്പാരമാക്കിവെച്ച് ഒടുവിൽ മറ്റു മാർഗങ്ങളൊന്നുമില്ലാത്തതുകൊണ്ട് അത് മറ്റുള്ളവർക്കായി വിട്ടേച്ചുപോകേണ്ടിവരുന്ന ആളുകളെ 'അനന്തരാവകാശികളുടെ സമ്പത്തിനെ സ്നേഹിക്കുന്നവർ' എന്നാണ് പ്രവാചകൻ പരിചയപ്പെടുത്തിയിട്ടുള്ളത് (ബുഖാരി).

ആളുകളുടെ ഐഹിക സമ്പാദ്യത്തിലേക്കാണ് പലരുടെയും നോട്ടം. ഒരാൾ മരണപ്പെട്ടാൽ അതിനെ കുറിച്ചാണ് പലരുടെയും ചർച്ച. നബി(സ) പറയുന്നു: "ഒരാൾ മരിക്കുമ്പോൾ മലക്കുകൾ പരസ്പരം ചോദിക്കും: പാരത്രിക ജീവിതത്തിനായി എന്തൊക്കെയാണ് ഇയാൾ ചെയ്തുവെച്ചിട്ടുള്ളത്? എന്നാൽ ജനങ്ങൾ പരസ്പരം ചോദിക്കും: ഇദ്ദേഹം എത്ര സമ്പത്ത് വിട്ടിട്ടാണ് പോയത്?" (ബൈഹഖി).

എല്ലാറ്റിലുമുപരിയായി സമ്പത്തിനെ കാണുകയും അക്കാര്യത്തിൽ നിയന്ത്രണങ്ങളും പരിധികളും വിധിവിലക്കുകളും പാലിക്കാതിരിക്കുകയും ചെയ്യുന്നവർ ശപിക്കപ്പെട്ടവരാണെന്ന് നബി(സ) പഠിപ്പിക്കുന്നു.

അതേസമയം തഖ്‌വയുണ്ടെങ്കിൽ സമ്പത്ത് ദീനിന് ഒരു ഭീഷണിയല്ലെന്നും ഇസ്ലാം പഠിപ്പിക്കുന്നു. നബി(സ) പറഞ്ഞു: "അല്ലാഹുവിനോട് തഖ്‌വ കാണിക്കുന്നവനെ സംബന്ധിച്ചേടത്തോളം സമ്പന്നത കൊണ്ട് യാതൊരു കുഴപ്പവുമില്ല. തഖ്‌വയുള്ളവന് ആരോഗ്യം സമ്പന്നതയേക്കാൾ മഹത്തരമാണ്. മാനസിക സന്തോഷവും അല്ലാഹുവിന്റെ ഒരനുഗ്രഹമാണ്" (അഹ്മദ്).

സമ്പത്താണല്ലോ ഇന്ന് ലോകത്തെ നയിക്കുന്നത്. അതിനാൽ ആവശ്യമായ അളവിൽ സമ്പത്തുണ്ടാവുക എന്നതും പ്രധാനമാണ്. തഖ്‌വയും സമ്പന്നതയും ഉണ്ടാവുകയും അതിന്റെ പേരിൽ ജനശ്രദ്ധനേടാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നവനെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നതെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു (മുസ്ലിം). ■